## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6114** 09-07-2013-ൽ **മറുപടിയ്ക്ക്**

### പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി 230 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുക എന്നതാണ് വനം വകുപ്പിന്റെ ഉദ്ദേശം. നാളിതു വരെ 108 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി വയനാട് വൈൽഡ്ലൈഫ് ഡിവിഷനു കീഴിൽ മുത്തങ്ങ, തോട്ടാമൂല, പൊൻകുഴി, കരിപ്പൂർ, കുപ്പാടി, തോൽപ്പെട്ടി, ബാവലി എന്നിവിടങ്ങളിൽ 7 ഫോറസ്റ്റ് സ്റ്റേഷനുകളും സൗത്ത് വയനാട് ഡിവിഷനു കീഴിൽ ഇരുളം, മുണ്ടക്കൈ, വൈത്തിരി എന്നിവിടങ്ങളിൽ 3 ഫോറസ്റ്റ് സ്റ്റേഷനുകളും കോട്ടയം സർക്കിളിനു കീഴിലെ അണയാൻതൊട്ടി, അറകുളം, തൊമ്മൻകുന്ന് തൃശ്ശൂർ സർക്കിളിലെ കാവല, വരാന്തപ്പിള്ളി എന്നീ സ്ഥലങ്ങളിലും ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | ആകെ 15ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെ ; വിശദീകരിക്കുമോ ; | (ബി) | ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിലൂടെ വനസംരക്ഷണത്തിനു വേണ്ടി അധിക തസ്തികകളും ആധുനിക ആയുധ സാമഗ്രികൾ, വാഹനങ്ങൾ, ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. |
| (സി) | വനസംരക്ഷണ പ്രവൃത്തികൾക്ക് ഇവ എത്ര മാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ; | (സി) | വനസംരക്ഷണ പ്രവൃത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, സമഗ്രമായ വനം - വന്യജീവി സംരക്ഷണം, വനസംരക്ഷണവും പരിപാലനവും ശാക്തീകരിക്കൽ, പങ്കാളിത്ത വനപരിപാലനം നടപ്പാക്കൽ, ഇക്കോടൂറിസം പദ്ധതികളുടെ നിർവ്വഹണം, കാട്ടുതീ പ്രതിരോധം, വനാശ്രിതത്വം കുറയ്ക്കുന്നതിനുള്ള ഇക്കോ-ഡെവലപമെന്റ് പദ്ധതികൾ നടപ്പാക്കൽ, മനുഷ്യൻ - വന്യജീവി സംഘർഷം നിയന്ത്രിക്കൽ എന്നീ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ഫോറസ്റ്റ്-സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. വനം സംബന്ധമായ കേസ്സുകൾ കോടതിയിൽ ചാർജ് ചെയ്യുന്നതിനും ബന്ധപ്പെട്ട ഫോറസ്റ്റ് |

സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കൂടുതൽ വനസംരക്ഷണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സഹായകരമാണ്.

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ ?

(ഡി) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നാളിതു വരെ 108 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനു വേണ്ടി 11 കെട്ടിടങ്ങൾ പണിപൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഫോറസ്റ്റ് സ്റ്റേഷനോടനുബന്ധിച്ച് സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കു വേണ്ടി ക്വാർട്ടേഴ്സുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും ഉണ്ട്.
15.05.2013 - ലെ സർക്കാർ ഉത്തരവനുസരിച്ച് പുതുതായി സ്ഥാപിച്ച 4 ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആവശ്യമായ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ